പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമി ടാത്ത
ചോദ്യം നമ്പർ :7082

2.11.2011-ൽ മറുപടിയ്ക്ക്

## മെഡിക്കൽ ടൂറിസം

| ചോദ്യം<br>ശ്രീ. ഇ.കെ.വിജയൻ | | ഉത്തരം<br>ശ്രീ. എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി). | |
|---|---|---|---|
| എ) | മെഡിക്കൽ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | എ) | വിദേശ ടൂറിസ്റ്റുകൾക്ക് കേരളത്തിലെ മികച്ച ഹോസ്പിറ്റലുകളിൽ ചികിത്സാ സൗകര്യങ്ങൾ നൽകുന്നതിനും ആയതു വഴി മെഡിക്കൽ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനുമാണ് വകുപ്പ് ശ്രമിക്കുന്നത്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ പ്രധാനപ്പെട്ട ഹോസ്പിറ്റലുകളുടെ പ്രതിനിധികളെകൊണ്ട് ഒരു കോൺഫറൻസ് നടത്തുകയുണ്ടായി. |
| ബി) | ഇതിന്റെ ഭാഗമായി പ്രതിവർഷം എത്ര ടൂറിസ്റ്റുകൾ സംസ്ഥാനം സന്ദർശിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ; | ബി) | ഇതിന്റെ വിശദാംശങ്ങൾ ശേഖരിച്ചിട്ടില്ല |
| സി) | മെഡിക്കൽ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് കെ.ടി.ഡി.സിയുടെ പങ്ക് എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | സി) | കെ.ടി.ഡി.സിയുടെ എല്ലാ പ്രീമിയം ഹോട്ടലുകളിലും ആയുർവ്വേദ കേന്ദ്രങ്ങൾ നടത്തുകയും അവിടങ്ങളിൽ. വിവിധ തരത്തിലുള്ള ആയുർവ്വേദ പാക്കേജുകൾ രൂപപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അത്തരം പാക്കേജുകളെ കെ.ടി.ഡി.സിയുടെ വെബ്സൈറ്റ് വഴിയും, ട്രാവൽ മാർട്ടുകളിൽ പങ്കെടുത്തും മാർക്കറ്റ് ചെയ്യുകയും ചെയ്യുന്നുണ്ട്. എല്ലാ ആയുർവ്വേദ സെന്ററുകളും നടത്തുന്നത് അറിയപ്പെടുന്ന നിലവാരമുള്ള ഏജൻസികളാണ്. എല്ലായിടത്തും യോഗതയുള്ള ആയുർവ്വേദ ഡോക്ടർമാരും പിഴിച്ചിൽകാരുമാണ് സേവനം നൽകുന്നത്. |

സെക്ഷൻഓഫീസർ